(ബി) ഒഴിവു പടിധതിക്കാലത്ത് അധിക വിഭവ സമാഹരണത്തിന് ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റു നടപടികളും കാലാകാലം തീരുമാനിക്കുന്നതാണ്.

ഏകീകൃത ഫിഷറീസ് നിയമം

* 13 [13] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ മുഴുവൻ ബാധിക്കുന്ന ഏകീകൃത ഫിഷറീസ് നിയമം ഉണ്ടാക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏത് സ്ഥിതിയിൽ ഇരിക്കുന്നു?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്ബ്): (എ) ഉണ്ട്.

(ബി) കരട് ബില്ല് നിയമവകുപ്പു പരിശോധിച്ചുവരുന്നു.

കേരള പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ

* 14 [14] ശ്രീ. കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, എ.കെ. ശശീന്ദ്രൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷൻ എന്നാണ് നിലവിൽ വന്നത്;

(ബി) കമ്മീഷൻ നിലവിൽ വന്നതിനുശേഷം 31–5–1988 വരെ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസുകളിൽ തീരുമാനമെടുത്തിട്ടുണ്ട്;

(ഡി) അതിൽ പ്രഥമദൃഷ്ട്യാ കേസില്ലെന്നു കണ്ട് തള്ളിക്കളഞ്ഞതെത്ര?

(ഇ) പ്രാഥമികാന്വേഷണത്തിനുശേഷം എത്ര കേസുകളിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്;

(എഫ്) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതുപ്രവർത്തകൻ താൻ വഹിച്ച സ്ഥാനം രാജിവച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആരെല്ലാം;

(എച്ച്) കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും പുതിയ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ജെ) ഇപ്പോഴത്തെ കമ്മീഷന്റെ മുമ്പാകെ എത്ര കേസുകൾ നിലവിലുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 1984 ഏപ്രിൽ 28-ാം തീയതി.

(ബി) എട്ട്.

(സി) രണ്ട്.

(ഡി) രണ്ട്.

(ഇ) രണ്ട്.

(എഫ്) ഉണ്ട്.

(ജി) ശ്രീ. എൻ. ശ്രീനിവാസൻ, മുൻ എക്സൈസ് വകുപ്പു മന്ത്രി.

2. പ്രൊഫസർ ഉമ്മൻ മാത്യു, മുൻ ചെയർമാൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

(എച്ച്, ഐ) അഴിമതി നിരോധന കമ്മീഷന്റെ ഒന്നും രണ്ടും റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അഴിമതി നിരോധന നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

(ജെ) ആറ്.

മുഖ്യമന്ത്രിയുടെ ഡൽഹി യാത്ര

* 15 [15] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, ആർ.എസ്. ഉണ്ണി:

,, കെ.പി. പ്രഭാകരൻ:

,, എം.വി. രാഘവൻ:

,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി എത്ര ഡൽഹിയാത്രകൾ നടത്തിയിട്ടുണ്ട്;

(ബി) ഇവയിൽ ഔദ്യോഗികാവശ്യങ്ങൾക്കായി നടത്തിയ യാത്രകൾ എത്ര;

(സി) ഈ ഇനത്തിൽ കേരള ഗവൺമെന്റിന് എന്തു ചെലവു വന്നു. ഇതിനെല്ലാം കൂടി ആകെ എത്രതുക ചെലവായെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ യാത്രകളിൽ ഏതിനെങ്കിലും കേന്ദ്ര ആഭ്യന്തര വകുപ്പു സ്റ്റിനേറയോ രാജ്യരക്ഷാവകുപ്പിന്റേയോ നിയന്ത്രണത്തിലുള്ള വിമാനങ്ങളോ ഹെലിക്കോപ്റ്ററുകളോ ഉപയോഗിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതൊക്കെ തീയതികളിലാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly